(എഫ്) സർക്കാരിന്റെ അനുമതിയോടുകൂടി 10 ഏക്കർ സ്ഥലം 'നിഷി'-നും 4 ഏക്കർ സ്ഥലം കെ.എസ്.ഇ.ബി. 110 കെ.വി സബ്സ്റ്റേഷനും ടെക്നോപാർക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ മറ്റൊരു പദ്ധതിയായ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിന് 56 ഏക്കർ ഭൂമിയും, ഐ.ടി. മേഖലയെ കൂടുതൽ ആകർഷകമാക്കുന്നതിനായ സപ്പോർട്ട് സർവ്വീസ് എന്ന അടിസ്ഥാനത്തിൽ ടെക്നോപാർക്കിൽ ഒരു ബിസിനസ് ഹോട്ടൽ ആരംഭിക്കുന്നതിനായി ഒരു ഏക്കർ ഭൂമി നൽകുന്നതിനും ധാരണയായിട്ടുണ്ട്.

ഐ. ടി. വ്യവസായം

47 [501] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. കെ. സി. ജോസഫ്:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്നോപാർക്ക് ആരംഭിച്ചതെന്നാണ്;

(ബി) തെക്കെ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ഐ.ടി. വ്യവസായത്തിന് പ്രാരംഭം കുറിച്ചത് കേരളത്തിലായിരുന്നോ;

(സി) സംസ്ഥാനത്ത് ഐ.ടി. വ്യവസായം ആശാവഹമായ തോതിൽ പുരോഗതി പ്രാപിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഡി) ഐ.ടി. വ്യവസായത്തിൽ എന്തു തുകയുടെ നിക്ഷേപം നാളിതുവരെ ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് ടെക്നോപാർക്ക് ആരംഭിച്ചത് 1990 ജൂലൈ മാസം 28-ാം തീയതിയാണ്.

(ബി) അല്ല.

(സി) സംസ്ഥാനത്ത് ഐ.ടി. വ്യവസായം ആശാവഹമായ തോതിൽ പുരോഗതി പ്രാപിച്ചിട്ടുണ്ട്.

(ഡി) 4940 കോടി രൂപ.

വ്യവസായ പാർക്ക്

48 [502] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ പഴയന്നൂർ പഞ്ചായത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly